## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 299** **03.02.2020 ൽ മറുപടിയ്ക്ക്**

## ഒ.ബി.സി. വിഭാഗത്തിനുള്ള ആനുകൂല്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ കുടുംബനാഥൻ മരണപ്പെട്ടാൽ സാമൂഹികനീതി വകുപ്പിൽ നിന്നും ആനുകൂല്യം നൽകുന്ന പുതിയ പദ്ധതിയുടെ പേര് എന്താണെന്ന് വിശദമാക്കാമോ; | (എ) | കുടുംബനാഥൻ മരണപ്പെട്ടാൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മാത്രമായി ആനുകൂല്യം നൽകുന്ന പദ്ധതികളൊന്നും സാമൂഹ്യ നീതി വകുപ്പിൽ നിലവിലില്ല. എന്നാൽ അതീവ ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ ധന സഹായം നൽകുന്ന 'അതിജീവിക' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷകളിൽ എത്ര രൂപ വീതമാണ് ഒരു കുടുംബത്തിന് നൽകുന്നത്; വ്യക്തമാക്കുമോ; | (ബി) | അതിജീവിക പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 50,000/- രൂപ വരെയാണ് ധന സഹായം നൽകുന്നത്. |
| (സി) | അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്നും വിശദമാക്കാമോ? | (സി) | അതിജീവിക പദ്ധതി ധനസഹായത്തിനായി ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.<br>1. അപേക്ഷ ഫോറം (നിശ്ചിത മാതൃകയിലുള്ളത്).<br>2. തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (ആധാർ/ഇലക്ഷൻ. ഐ.ഡി).<br>3. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്.<br>4. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.<br>5. സർക്കാർതലത്തിൽ ധനസഹായം (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി) ലഭിച്ചിട്ടില്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.<br>6. നിലവിലെ ജീവിതാവസ്ഥ സംബന്ധിച്ച് വെള്ളപേപ്പറിൽ തയ്യാറാക്കിയ റിപ്പോർട്ട്.<br>7. റേഷൻ കാർഡിന്റെ പകർപ്പ്.<br>8. വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്/ആധാർ/ഇലക്ഷൻ ഐ.ഡി. എന്നിവയിൽ ഒന്നിന്റെ പകർപ്പ്) |

സെക്ഷൻ ഓഫീസർ.